## വഴിവെളിച്ചം

# നന്മ കാണുന്ന കണ്ണുകൾ

عنْ عُمرَبْن الخطّاب رضي الله عنه أنّ رَجُلاً كَانَ عَلَى عَهْدِ النّبِيِّ ﷺ كَانَ إسْمهُ عَبْدَ اللَّهِ وكَانَ يُضْحِكُ رَسُولَ اللّهِ وكَانَ النَّبِيُّ ﷺ قَدْ جَلَدَهُ فِي الشَّرَابِ فَأُتِيَ بِهِ يَوْمًا فَأَمَرَ بِهِ فَجُلِدَ ، فَقَالَ رَجُلٌ مِنَ الْقَوْمِ : اللَّهُمَّ الْعَنْهُ مَا أَكْثَرَ مَا يُؤْتَى بِهِ ، فَقَالَ النَّبِيُّ ﷺ: لاَ تَلْعَنُوهُ فَوَاللّهِ مَا عَلِمْتُ أَنَّهُ يُحِبُّ اللهَ وَرَسُولَهُ (صحيح البخارى- كتاب الحدود)

**ഉമറുബ്നുൽ ഖത്താബി(റ)ൽനിന്ന്: ''പ്രവാചകന്റെ കാലത്ത് അബ്ദുല്ലാ എന്നു പേരുള്ള ഒരാളുണ്ടായിരുന്നു. തമാശകൾ പറഞ്ഞ് അയാൾ പ്രവാചകനെ ചിരിപ്പിക്കാറുണ്ടായിരുന്നു. മദ്യപിച്ചതിന്റെ പേരിൽ പ്രവാചകൻ അയാളെ അടിച്ചിട്ടുണ്ട്. ഒരിക്കൽ അയാളെ കൊണ്ടുവന്ന് ശിക്ഷ നടപ്പാക്കിയപ്പോൾ ഒരാൾ പറഞ്ഞു: 'അല്ലാഹുവേ ഇയാളെ ശപിക്കേണമേ! എത്ര തവണയായി ഈ കുറ്റത്തിന് ഇയാൾ ശിക്ഷിക്കപ്പെടുന്നു!' ഇതു കേട്ടപ്പോൾ നബി(സ) പറഞ്ഞു: നിങ്ങൾ അയാളെ ശപിക്കരുത്. അല്ലാഹുവാണ, എനിക്കറിയാം അയാൾ അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുന്നുണ്ട്'' (*സ്വഹീഹുൽ ബുഖാരി*)**

സാമൂഹികജീവിതത്തിൽ വ്യക്തികൾ പരസ്പരം പുലർത്തേണ്ട മര്യാദകളിലേക്ക് വെളിച്ചം വീശുന്നു ഈ നബിവചനം. എല്ലാ മനുഷ്യരിലും നന്മയും തിന്മയുമുണ്ട്. തെറ്റുകുറ്റങ്ങളോടുള്ള ആഭിമുഖ്യവും സദ്ഗുണങ്ങളോടുള്ള താൽപര്യവും ജന്മനാ ഓരോരുത്തരിലുമുണ്ട്. സാഹചര്യങ്ങൾക്കനുസൃതമായി ഈ രണ്ടു ഗുണങ്ങളിലൊന്ന് മറ്റൊന്നിനെ അതിജയിക്കുകയും മനസ്സിൽ ആധിപത്യം നേടുകയും ചെയ്യുന്നു. നന്മ മാത്രം പ്രവർത്തിക്കുന്നവരില്ല, തിന്മ മാത്രം ചെയ്യുന്നവരുമില്ല! നബി(സ) പറഞ്ഞു: 'ആദമിന്റെ മക്കളെല്ലാം തെറ്റു ചെയ്യുന്നവരാണ്! അവരിൽ ഏറ്റവും ശ്രേഷ്ഠർ തെറ്റുകളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നവരത്രെ'' (തിർമിദി, ഇബ്നു മാജ, ഹാകിം).

തെറ്റ് ചെയ്യുന്നവരോടും സമൂഹത്തിന് ചില ബാധ്യതകളുണ്ട്. തെറ്റുകുറ്റങ്ങൾ വന്നുപോകാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുക എന്നതാണ് ഒന്നാമത്തേത്. തെറ്റിൽ വീണുപോയവരെ അതിൽനിന്ന് കൈപിടിച്ചുയർത്തുക എന്ന ബാധ്യതയും അവർക്കുണ്ട്. നബി(സ) പറഞ്ഞു: ''നിന്റെ സഹോദരനെ, അവൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെട്ടവനാണെങ്കിലും നീ സഹായിക്കുക.'' അനുയായികൾ ചോദിച്ചു: ''പ്രവാചകരേ, അക്രമിക്കപ്പെട്ടവനെ ഞങ്ങൾ സഹായിക്കും. എന്നാൽ അക്രമിയെ എപ്രകാരമാണ് സഹായിക്കുക?'' അവിടുന്ന് പറഞ്ഞു: ''അക്രമിയെ അവന്റെ അക്രമത്തിൽനിന്ന് തടുത്തു നിർത്തുക'' (ബുഖാരി, ദാരിമി).

തെറ്റു ചെയ്യുന്നവരെ വെറുക്കുകയും ശപിക്കുകയുമല്ല വേണ്ടത്. പ്രത്യേകമായ ശ്രദ്ധയും പരിഗണനയും അവർ അർഹിക്കുന്നുണ്ട്. അതുകൊണ്ടാണ് ശത്രുക്കൾക്കെതിരിൽ ശാപപ്രാർഥന നടത്താൻ പറഞ്ഞവരോട് നബി(സ) ഇപ്രകാരം പറഞ്ഞത്: ''ജനങ്ങളെ ശപിക്കുന്നവനായിട്ടല്ല ഞാൻ നിയോഗിതനായത്; അവർക്ക് കാരുണ്യമായിട്ടത്രെ എന്റെ നിയോഗം'' (മുസ്‌ലിം). യസീദുബ്നുൽ അസം റിപ്പോർട്ട് ചെയ്യുന്നു: സിറിയക്കാരനായ ഒരു പ്രമുഖൻ ഉമറി(റ)ന്റെ നിത്യസന്ദർശകനായിരുന്നു. പിന്നീട് അയാളെ കാണാതായപ്പോൾ ഉമർ(റ) അയാളെ തിരക്കി. അയാൾ മദ്യപാനിയായി മാറിയിട്ടുണ്ടെന്നും അതിനാലാണ് വരാത്തതെന്നും ആളുകൾ അറിയിച്ചു. ഉമർ(റ) അയാൾക്കൊരു കത്തെഴുതി. 'ഉമറുബ്നുൽ ഖത്താബിൽനിന്ന്. നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവുമുണ്ടാവട്ടെ. അല്ലാഹുവിന് സ്തുതി. അവൻ പാപങ്ങൾ പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും മഹത്തായ അനുഗ്രഹമുടയവനുമാണ്. അവനല്ലാതെ ആരാധ്യനില്ല. അവങ്കലേക്കാണ് സകലതിന്റെയും മടക്കം.' ബോധം തെളിയുന്ന നേരം നോക്കി കത്ത് അയാൾക്ക് നൽകാൻ ഉമർ(റ) ആവശ്യപ്പെട്ടു. സദസ്യരോട് ഉമർ(റ) പറഞ്ഞു: ''നിങ്ങളുടെ സഹോദരന്റെ പശ്ചാത്താപം സ്വീകരിക്കാൻ അല്ലാഹുവോട് പ്രാർഥിക്കുക.'' ഉമറിന്റെ കത്ത് അയാൾ ആവർത്തിച്ചാവർത്തിച്ച് വായിച്ചുകൊണ്ടിരുന്നു. ''അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് അദ്ദേഹമെന്നെ താക്കീത് ചെയ്യുകയും അവൻ പാപം പൊറുക്കുന്നവനാണെന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്തിരിക്കുന്നു!'' പിന്നീട് അയാൾ കരഞ്ഞ്, വന്നുപോയതിൽ സങ്കടപ്പെട്ട് മദ്യപാനം നിർത്തി. അയാളുടെ പശ്ചാത്താപത്തിന്റെ കഥ അറിഞ്ഞപ്പോൾ ഉമർ(റ) പറഞ്ഞു: ''നിങ്ങൾ ചെയ്യേണ്ടത് ഇങ്ങനെയാണ്. നിങ്ങളുടെ ഒരു സഹോദരൻ

വ്യതിചലിക്കുകയോ അയാൾക്ക് വീഴ്ച സംഭവിക്കുകയോ ചെയ്താൽ അയാളെ നേരെയാക്കുകയും നല്ല മാർഗത്തിൽ ഉറപ്പിച്ചുനിർത്തുകയും ചെയ്യുക. അയാളുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നതിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുക. ഒരിക്കലും നിങ്ങളയാളെ പിശാചിന് ഏൽപിച്ചുകൊടുക്കുന്ന സഹായികളായിത്തീരരുത്" (ഇബ്നു കസീർ, വാള്യം 4, പേജ് 70).

നബി(സ) പറഞ്ഞു: "നാല് കാര്യങ്ങൾ മുസ്‌ലിംകൾക്ക് നിന്നിൽനിന്ന് അവകാശമായി ലഭിക്കേണ്ടതാണ്: അവരിൽ നന്മ ചെയ്യുന്നവരെ സഹായിക്കുക, തെറ്റു ചെയ്യുന്നവനു വേണ്ടി അല്ലാഹുവിനോട് പാപമോചന പ്രാർഥന നടത്തുക, പിന്തിരിഞ്ഞു പോകുന്നവർക്കുവേണ്ടി പ്രാർഥിക്കുക, പശ്ചാത്തപിച്ചു മടങ്ങുന്നവരെ സ്നേഹിക്കുക" (ദൈലമി).

കുറ്റം ചെയ്യുന്നവരിലെ തിന്മ മാത്രം കാണുകയും നന്മകൾ കാണാതെ പോവുകയും ചെയ്യുന്നവർക്ക് ആദ്യം കൊടുത്ത നബിവചനത്തിൽ ചില പാഠങ്ങളുണ്ട്. ഏതൊരു മനുഷ്യനിലും സദ്ഗുണങ്ങളും ദുർഗുണങ്ങളുമുണ്ട്. സമൂഹസംസ്കരണത്തിനിറങ്ങിത്തിരിക്കുന്നവർ ദുർഗുണങ്ങളല്ല, സദ്ഗുണങ്ങളാണ് കാണേണ്ടത്. കൊലപാതകിയോ വ്യഭിചാരിയോ മദ്യപാനിയോ ആരാവട്ടെ, അവരിലും നന്മകളുണ്ടാവും. അത്തരം നന്മകളെ കണ്ടെത്താനും അവയെ ഊതിക്കാച്ചിയെടുക്കാനുമാണ് പ്രബോധകൻ ശ്രദ്ധിക്കേണ്ടത്. ഹദീസിൽ വിവരിക്കപ്പെട്ട മദ്യപാനി പ്രവാചകനെ അതിരറ്റ് സ്നേഹിച്ചിരുന്നു. പ്രവാചകനുവേണ്ടി അയാൾ മധുര പലഹാരങ്ങൾ കൊണ്ടുവരാറുള്ളതായി ഹദീസുകളിൽ കാണാം. ഒഴിവുവേളകളിൽ പ്രവാചകനുമായി തമാശ പങ്കിടാൻ അയാൾ വരാറുള്ളത് പ്രവാചകനോടുള്ള സ്നേഹം കൊണ്ടായിരുന്നു. മദ്യപാനിയാണെങ്കിലും, അയാളിലുള്ള ഈ സദ്ഗുണങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയുമാണ് പ്രവാചകൻ ചെയ്തത്. അതുവഴി അയാളുടെ മുഴുവൻ ദുശ്ശീലങ്ങളെയും ചികിത്സിച്ചു മാറ്റാനാവുമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. തെറ്റു ചെയ്യുന്ന ഒരാളുടെ നന്മകൾ അംഗീകരിച്ചാൽ, അതയാൾക്ക് തെറ്റുകുറ്റങ്ങളിൽനിന്ന് മാറിനിൽക്കാനുള്ള ശക്തമായ പ്രേരണയും പ്രോത്സാഹനവുമാകുമെന്നതിൽ സംശയമില്ല.

**ജഅ്ഫർ എളമ്പിലാക്കോട്**